# മൃഗീയത

പണ്ട്, കാല്പനിക യുഗത്ത് സ്വപ്ന രാജ്യത്തെ രാജാവിന് രാത്രിയിൽ ഞെട്ടിയുണർന്നപ്പോൾ ഒരു മോഹമുണ്ടായി. തന്റെ പേരിലും ഒരു ഉപനിഷത് വേണം, കുറെ പുകഴ്ത്ത് പാട്ടുകളും, കുറഞ്ഞത് ഒരുമഹാകാവ്യവും കുറെ വേദ ഭാഗങ്ങളും. പിന്നെ അന്വേഷണമായി. ഒരു ദിവസം പ്രധാന മന്ത്രിപുംഗവൻ അറിയിച്ചു. നമ്മുടെ രാജ്യത്തെ വടവൃക്ഷച്ചുവട്ടിൽ ജഡയും നരയും ഭസ്മക്കുറിയുമായിട്ട് ഒരു ഭിക്ഷാം ദേഹി മുനിവര്യൻ എത്തിയിട്ടുണ്ടെന്ന്.

ഒട്ടും വൈകാതെ രാജാവ് വേഷഭൂഷാദികളൊക്കെ അണിഞ്ഞ് കാട്ടിൽ വേട്ടക്കു പോകുന്ന ഒരുക്കങ്ങളോടെ മുനി സമക്ഷത്തേക്ക് എഴുന്നള്ളി. പടയാളികളെക്കൂടാതെ നഗരവാസികളും കാട്ടുവാസികളും അനുഗമിച്ചു. നൂറുകണക്കിന് കഴുകന്മാരും- പടയോട്ടമായാലും നായാട്ടായാലും മൃഷ്ടാന്നം കിട്ടുമെന്ന് കഴുകന്മാർക്കും നല്ല കാഴ്ച കിട്ടുമെന്ന് മനുഷ്യർക്കും അറിയാം.

മുനി സമക്ഷം രാജാവ്, പടയാളികൾ ഒരുക്കി കൊടുത്ത സിംഹാസനത്തിൽ സ്വസ്ഥനായി.

മുനിവര്യൻ ആകാംക്ഷ കൊണ്ടു.

രാജാവ് അരുളിച്ചെയ്തു.

മഹാമുനേ, എന്റെ പേരിൽ ഒരു ഉപനിഷത്തെങ്കിലും വേണ്ടിയിരിക്കുന്നു. കുറെ പുകഴ്ത്തു പാട്ടുകളും കാവ്യങ്ങളും തീർക്കേണ്ടിയിരിക്കുന്നു. ആ കർത്തവ്യം അങ്ങയെ ഏല്പിക്കുകയാണ്.

തിരുമനസ്സേ....ഇനിയൊരു ഉപനിഷത് സാദ്ധ്യമാണോ.... ആയിരക്കണക്കിന് ഉപനിഷത്തുക്കളും കാവ്യങ്ങളും കൊണ്ടു നാടാകെ നിറഞ്ഞിരിക്കുകയല്ലേ...

രാജാവ് ദേഷ്യം കൊണ്ട് പുലമ്പി.

മഹാമുനേ.... അങ്ങ് രാജ്യദ്രോഹമാണ് പറയുന്നത്...

രാജ്യദ്രോഹമോ....അതെങ്ങിനെ... ഇല്ലാത്തതിനെ ഉണ്ടാക്കാൻ, വർണ്ണിക്കാൻ എന്നാൽ കഴിയുകയില്ല... എങ്കിലും ഒരു ഉപാധി

പറയാം....രാജ്യത്താകെ കൊള്ളയും കൊള്ളിവയ്പും അക്രമങ്ങളും നടമാടിക്കൊണ്ടിരിക്കുകയല്ലേ... അതുകളെ ഒതുക്കുന്നതിനുകൂടിയുള്ള ഒരു കാര്യം പറയാം.... അതൊരു ഉപനിഷത് ആയി വികസിപ്പിക്കാൻ കഴിഞ്ഞാൽ രാജ്യത്ത് സമാധാനം ഉണ്ടാകുകയും അങ്ങയെ പുകഴ്ത്തി പാടാൻ, കാവ്യങ്ങൾ ചമക്കാൻ കഴിയുകയും.... അങ്ങ് രാജർഷിയായി അറിയപ്പെടാനിടയുമുണ്ട്....

ഉം....മൊഴിയൂ...

എല്ലാ മനുഷ്യരോടും മൃഗ തുല്യരാകാൻ പറയൂ...

മൃഗങ്ങളാകാനോ...

അതെ....അമിതഭക്ഷണവും അമിതഭോഗവും ഒഴിവാക്കൻ വേണ്ടിയാണ് മൃഗതുല്യരാകുന്നത്....മൃഗങ്ങൾ ആവശ്യത്തിനേ ഭക്ഷിക്കുകയുള്ളൂ....ഭക്ഷണത്തിനു വേണ്ടി മാത്രമേ മറ്റെന്തും ഇല്ലാതാക്കൂ...സസ്യഭുക്കായാലും മാംസഭുക്കായാലും അങ്ങിനെ തന്നെയാണ്...സമ്മതത്തോടയേ ഇണചേരൂ....അങ്ങിനെ ആയാൽ രാജ്യം സമത്വ സുന്ദരമാകും. അതു തന്നെ അങ്ങേക്ക് ഉപനിഷത്താക്കി കീർത്തിമാനാകാം അങ്ങയെ പുകഴ്ത്തി പാടാൻ പുതു കവികൾ മുന്നോട്ടു വരും...

രാജാവ് സന്തോഷവാനായി രഥത്തിലേറി തുള്ളിച്ചാടി. ഒന്നും മനസ്സിലാകാതെ കഴുകന്മാർ വിഷാദം പൂണ്ടു. ജനങ്ങൾ കൺമിഴിച്ചു നിന്നു. പടയാളികൾ അന്ധാളിച്ചു. കൂടെ ഉണ്ടായിരുന്ന മന്ത്രിയുടെ മാത്രം ബുദ്ധി പ്രവർത്തിച്ചു. മന്ത്രി ചോദിച്ചു.

തിരുമനസ്സേ... പ്രജകളെല്ലാം നന്മയുള്ളവരും മൃഗങ്ങളെപ്പോലെ സത്യമുള്ളവരുമായാൽ രാജാവിന്റെ ആവശ്യമുണ്ടോ....അധികാരമുണ്ടോ..... രാജാവും പ്രജയെപ്പോലെ ഒരു സാധാരണക്കാരാനാകയില്ലേ... പിന്നെ എന്ത് രാജർഷി.... ഉപനിഷത്....മഹാകാവ്യങ്ങൾ....

രാജാവ് പെട്ടന്ന് ഉൾക്കിടിലം കൊണ്ട് ഉണർന്നു. ദേഹമാകെയൊരു വിറയൽ കൊണ്ട് ഉന്മേഷവാനായി...വടവൃക്ഷച്ചുവട്ടിൽ ഇരുന്നപ്പോൾ കിട്ടാതിരുന്ന ബോധം ഉദയം കൊണ്ടു....രഥം തിരിച്ചു പടയാളികൾ, പ്രജകൾ തിരിഞ്ഞു നടന്നു. കഴുകന്മാർ തിരിഞ്ഞു പറന്നു. വീണ്ടും വടവൃക്ഷച്ചുവട്ടിലെത്തി.

മുനിശ്രേഷ്ടൻ സന്തോഷം കൊണ്ട് എഴുന്നേറ്റു നിന്നു. പാരിതോഷികം തരാതെ പോയ രാജാവിന് ബോധമുദിച്ചപ്പോൾ മടങ്ങിയെത്തിയതെന്ന് കരുതി.

പക്ഷെ, രഥത്തിൻ നിന്നും ഊരിപ്പിടിച്ച വാളുമായി വന്ന രാജാവിനെകണ്ട മുനി നിർവികാരനായി. അയാളുടെ കഴുത്തറുത്ത് കൈകാലുകൾ പിഴുത്, ഉടൽ കീറി കഴുകന്മാർക്ക് വിതറി നൽകിയപ്പോൾ രാജാവിന്റ മുഖം സൂര്യനെപ്പോലെ തിളങ്ങുന്നെന്ന് പ്രജകൾ മനസ്സിൽ പറഞ്ഞു.

കശ്മലൻ.... ചണ്ഡാളൻ... നമുക്ക് ഉപദേശിച്ചു തന്നതു കണ്ടില്ലേ....

രാജാവ് പ്രജകളെനോക്കി പ്രതിവചിച്ചു.

രാജാവ് നീളാൾ വാഴട്ടെ...

പ്രജകൾ ഘോഷിച്ചു.

ശേഷം രാജാവ് അയൽ രാജ്യങ്ങളിൽ കൊള്ളയും കൊള്ളിവയ്പും അക്രമങ്ങളും നടത്തി ആയിരക്കണക്കിന് ഗോക്കളെയും ദാസികളെയും അടിമകളെയും നേടി, കാടു കയറി മൃഗങ്ങളെ വേട്ടായാടി ആമോദം ഭക്ഷിച്ച് സുഖമായി യുഗങ്ങളോളം വാണു.

@@@@@@